# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-959/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 04/11/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.4-959/2023 തീയ്യതി: 04/11/2023

## ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-02-2023 മുതൽ 13-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 14-08-2023 | 22-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-08-2023 | 22-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു., ഓഡിറ്റ് ഓഫീസർ
ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഷംലത്ത് എം.എസ്., അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായ കൃഷ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ എം ലതീഷ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ ജോൺ ഗോഡ്‌ലീക് ഗ്രീക്ക് | സെക്രട്ടറി | 01-04-2022 | 28-02-2023 |
| ശ്രീ ജോൺസൻ എം.ജെ,അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-03-2023 | 31-03-2023 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ജോൺസൺ എം.ജെ. | അസി. സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. ആദർശ് പി.ആർ | അസി.എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.റെയ്ച്ചൽ പി.ജോസഫ് | മെഡിക്കൽ ഓഫിസർ പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ജോസഫ് പി.മോസസ് | മെഡിക്കൽ ഓഫിസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.റഹീല പി. | മെഡിക്കൽ ഓഫിസർ ഹോമിയോ | 01-04-2022 | 17-04-2022 |
| ഡോ.റുവാൻ സാ.വി | മെഡിക്കൽ ഓഫിസർ ഹോമിയോ | 18-04-2022 | 10-05-2022 |
| ഡോ.സ്മിത മോഹൻ | മെഡിക്കൽ ഓഫിസർ ഹോമിയോ | 11-05-2022 | 31-03-2023 |
| ഡോ.ഡാലി സി.ഡോവിസ് | വെറ്ററിനറി സർജൻ | 01-04-2022 | 28-09-2022 |
| ഡോ.മിനു ജെയിംസ് | വെറ്ററിനറി സർജൻ | 29-09-2022 | 31-03-2023 |
| ശ്രീമതി. ജെയ്സിമോൾ കെ.ജെ | കൃഷി ഓഫീസർ | 01-04-2022 | 27-07-2022 |
| ശ്രീ. അജിമോൻ കെ. | കൃഷി ഓഫീസർ | 28-07-2022 | 31-03-2023 |
| ശ്രീമതി. ഷാജിത മീരാൻ | വി.ഇ.ഒ. | 01-04-2022 | 15-07-2022 |
| ശ്രീ. ഹരിശങ്കർ വി.പി. | വി.ഇ.ഒ. | 16-07-2022 | 21-08-2022 |
| ശ്രീ. സന്ദീപ് പി. | വി.ഇ.ഒ. | 22-08-2022 | 09-11-2022 |
| ശ്രീ. ബാബു കെ.വി. | വി.ഇ.ഒ. | 10-11-2022 | 31-03-2023 |
| ശ്രീമതി. സിന്ധു ടി.കെ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 03-01-2023 |
| ശ്രീമതി. സൂസമ്മ പി.ഡി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 04-01-2023 | 31-03-2023 |
| ശ്രീ. സുധീഷ് എം.പി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ. എ.എം. നസീർ | ഹെഡ്മാസ്റ്റർ | 01-04-2022 | 30-06-2022 |
| ശ്രീമതി. ഉഷ പി.കെ. | ഹെഡ്മാസ്റ്റർ | 01-07-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല | 1-1-2 |
| 4 | ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല. | 1-1-4 |
| 6 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-5 |
| 7 | തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽമുഖേന രേഖപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ഗ്രാന്റ് വിനിയോഗം | 1-3 |
| 10 | പദ്ധതി അവലോകനം | 1-4 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 12 | ക്ഷേമ പദ്ധതികൾ | 1-6 |
| 13 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 14 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-8 |
| 15 | വസ്തു നികുതി -അവലോകനം | 1-9 |
| 16 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി നിർണ്ണയിച്ചു | 1-10 |
| 17 | ബി.എസ്.എൻ.എൽ. കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചില്ല | 1-11 |
| 18 | അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കാൻ നടപടികളായില്ല | 1-12 |
| 19 | വാണിജ്യ സ്ഥാപനങ്ങളുടെ പട്ടിക കാലികമല്ല | 1-13 |
| 20 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- അധിക തുക നൽകി | 1-14 |
| 21 | ഗാർഹിക കമ്പോസ്റ്റിംഗ് യൂണിറ്റ്-പ്രവൃത്തി നടപ്പിലാക്കാൻ വിസമ്മതിച്ച കരാറുകാരന്റെ സെക്യൂരിറ്റി നിക്ഷേപം തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല | 1-15 |
| 22 | പെരിങ്ങാശ്ശേരി ഉപ്പുകുന്ന് അംഗനവാടി അറ്റകുറ്റപണി-അധികം തുക പിൻവലിച്ചു | 1-16 |
| 23 | ഹോമിയോ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല | 1-17 |
| 24 | ആദ്യഗഡു ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 25 | ഗാർഹിക ബയോഗ്യാസ് പ്ലാന്റ്-നിർവ്വഹണ ഏജൻസിയിൽ നിന്നും TDS ഈടാക്കിയിട്ടില്ല | 1-19 |
| 26 | ബഡ്സ് സ്കൂൾ നിർമ്മാണം-പദ്ധതി ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടില്ല | 1-20 |
| 27 | എസ്.സി. ഭവന പുനരുദ്ധാരണം-മുൻകൂറായി ആദ്യ ഗഡു കൈപ്പറ്റിയിട്ടും അറ്റകുറ്റ പണികൾ നടപ്പാക്കിയിട്ടില്ല | 1-21 |
| 28 | മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം-പ്രാരംഭ ഘട്ടത്തിൽ നിന്ന് മുന്നേറാനായിട്ടില്ല | 1-22 |
| 29 | പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -രേഖകൾ ലഭ്യമല്ല-ചെലവ് തടസ്സം. | 1-23 |
| 30 | വിവിധ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. ചെലവ് തടസ്സം | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

| | | |
|---|---|---|
| 1 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അധികമായി അനുവദിച്ച ധനസഹായം നിരാകരിക്കുന്നു - ₹4179/- | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള പരാമർശങ്ങൾ | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.07.2023 ലെ 2(1)നമ്പർ കമ്മിറ്റി തീരുമാനപ്രകാരം തയ്യാറാക്കി 27.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും, C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും, വെളിപ്പെടുത്തലുകളും, പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും, ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും, അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും, വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ, സാമ്പത്തിക ഫലത്തെക്കുറിച്ചും, സാമ്പത്തിക നിലയെക്കുറിച്ചും, സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
04.11.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം ഇടുക്കി

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 (2) (ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62 (2) (എഫ്)

പ്രകാരമുള്ള അനുപാതങ്ങൾ, 62 (3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കിയില്ല

1) ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ മൂല്യം കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

2) ആർജിക്കുന്ന ആസ്തികളുടെ (കെട്ടിടങ്ങൾ, റോഡ്, കലുങ്കുകൾ) മൂല്യം കൃത്യമായി തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം ആർജിച്ച ആസ്തികൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-3 ആവശ്യമായ എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ഈയിനത്തിലുള്ള തുകകളുടെ കൃത്യത ഉറപ്പ വരുത്താനായില്ല.

1-1-4 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി നടത്താതെ 31.03.2023 തീയതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

1-1-5 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ജേണൽ വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

1-1-6 തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽമുഖേന രേഖപ്പെടുത്തിയിട്ടില്ല.

ആസ്തികളുടെ തേയ്മാനം നിശ്ചിത നിരക്കിൽ കണക്കാക്കി ജേണൽ മുഖേന രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-2 ബജറ്റ്

2022-23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 16/02/2023 ലെ V-ാം നമ്പർ തീരുമാന പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചു. 22-02-2023 ലെ III- ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2022-23-ലെ ബജറ്റ് | 2022-23-ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | 19-03-2022 ലെ II-ാം നമ്പർ തീരുമാനം | 16/02/2023 ലെ V- ാം നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 24/03/2022 ലെ I-1-ാം നമ്പർ തീരുമാനം | 22/02/2023 ലെ III-ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് | ₹42388821/- | ₹42388821/- |
| വരവ് | ₹232623000/- | ₹236880000/- |
| ആകെ വരവ് | ₹275011821/- | ₹279268821/- |
| ആകെ ചെലവ് | ₹244456800/- | ₹253468031/- |

| | | |
|---|---|---|
| നീക്കി ബാക്കി | ₹30555021/- | ₹25800790/- |

1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | അലോട്ട്മെന്റ്/വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | - | 24577000 | 24577000 | 22370660 | - |
| എസ്.സി.എസ്.പി. | - | 2441000 | 2441000 | 2345215 | - |
| റ്റി.എസ്.പി. | - | 4017000 | 4017000 | 4001104 | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (TIED) | 8173948 | 9022408 | 17196356 | 12607512 | 4588844 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (UNTIED) | 1273380 | 4342000 | 5615380 | 5374178 | 241202 |
| സംരക്ഷണ ഗ്രാന്റ് – നോൺ റോഡ് | - | 5960000 | 5960000 | 5960000 | - |
| സംരക്ഷണ ഗ്രാന്റ് – റോഡ് | - | 18083000 | 18083000 | 16203427 | - |
| കേന്ദ്രാവിഷ്കൃത പദ്ധതി ഐ.സി.ഡി.എസ്. | 142968 | 1175900 | 1318868 | 391382 | 927486 |
| പൈക | 8937 | - | 8937 | - | 8937 |
| തൊഴിലുറപ്പ് പദ്ധതി - ഭരണ ചെലവ് | 3708 | 1235118 | 1238826 | 1238438 | 388 |
| ടോട്ടൽ സാനിറ്റേഷൻ | 94836 | - | 94836 | - | 94836 |
| സംസ്ഥാനാവിഷ്കൃത പദ്ധതി എസ്.റ്റി. കോർപസ് ഫണ്ട് | 1004722 | - | 1004722 | 975265 | 29457 |
| ശുചിത്വമിഷൻ | 183165 | 36000 | 219165 | 219165 | 0 |
| ജലനിധി | 3154681 | 980747 | 4135428 | 3178602 | 956826 |
| എസ്.എസ്.എ. | 296 | - | 296 | - | 296 |
| സാക്ഷരത | 10166 | 295 | 10461 | 0 | 10461 |
| കോർപ്പസ് ഫണ്ട്(എസ് റ്റി) | 29457 | 0 | 29457 | 0 | 29457 |
| ഖേൽ അഭിയാൻ | 8937 | 0 | 8937 | 0 | 8937 |
| ഹെൽത്ത് ഗ്രാന്റ് 320100202 | 0 | 268341 | 268341 | 162938 | 105403 |
| ഹെൽത്ത് ഗ്രാന്റ് 320100204 | 0 | 136927 | 136927 | 107250 | 29677 |
| കുടിവെള്ളം | 63000 | 0 | 63000 | 0 | 63000 |
| അദർ പർപ്പസ് 320200399 | 1004722 | 665342 | 1670064 | 1016722 | 653342 |

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്. ഗ്രാന്റ് പത്രികയിൽ പ്രസ്തുത തുക വരവിലെടുത്തിട്ടില്ല.

| ഫണ്ട് | ലൈഫ് ലോൺ ₹ | അംഗൻവാടി ഹോണറേറിയം ₹ |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 1797159 | 963600 |
| വികസനഫണ്ട് (SCSP) | 212114 | |
| വികസനഫണ്ട് (TSP) | 782619 | |

1-4 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 228 | 120971864 | 193 | 79738990 | 35 | 84.65 |

1 . ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 27337759 | 22370660 | 81.8 |
| | പട്ടിക ജാതി വിഭാഗം | 2653114 | 2345215 | 88 |
| | പട്ടിക വർഗ്ഗ വിഭാഗം | 4799619 | 4001104 | 83.4 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 22241637 | 17981690 | 80.8 |

| | | | |
|---|---|---|---|
| കേന്ദ്രാവിഷ്കൃതഫണ്ട് | 2351000 | 323414 | 13.76 |
| സംസ്ഥാനാവിഷ്കൃതഫണ്ട് | 6283791 | 2254523 | 35.9 |
| തനത് ഫണ്ട് | 2061315 | 818257 | 39.7 |
| മറ്റ് ഗ്രാമ പഞ്ചായത്ത് ഫണ്ട് | 0 | 0 | |
| ബ്ലോക്ക് പഞ്ചായത്ത് | 6264654 | 1879996 | 30 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 9325060 | 2025674 | 21.7 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | 7225810 | 5960000 | 82.5 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 21895400 | 16203427 | 74 |
| മറ്റിനം | 8132972 | 3304842 | 40.6 |
| ആകെ | 120971864 | 79738990 | 65.9 |

2. <u>വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.</u>

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 3508600 | 8 | 2134900 | 60.84 |
| വെറ്ററിനറി സർജൻ | 12 | 8546328 | 12 | 4653548 | 54.45 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 15 | 4412863 | 14 | 3961905 | 89.78 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 335000 | 2 | 335000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 3 | 1569388 | 2 | 1119388 | 100 |
| വി.ഇ.ഒ | 19 | 30135825 | 16 | 16835805 | 55.86 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 6122285 | 10 | 4057750 | 66.28 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 3000000 | 1 | 2209199 | 73.64 |
| സെക്രട്ടറി | 29 | 14435241 | 26 | 13255424 | 91.82 |
| അസി. എഞ്ചിനീയർ | 115 | 46850809 | 90 | 29537056 | 63.04 |
| അസി. സെക്രട്ടറി | 10 | 1532525 | 10 | 1371098 | 89.46 |
| ഹെഡ് മാസ്റ്റർ | 2 | 523000 | 2 | 267917 | 51.23 |

1-5 <u>തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3708 | 1235118 | 1238826 | 1238438 | 388 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 46166527 | 46166527 | 46166527 | - |
| ആകെ | 3708 | 47401645 | 47405353 | 47404965 | 388 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (₹) |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 2838 | 29077800 |
| കർഷക തൊഴിലാളി പെൻഷൻ | 226 | 2661600 |
| വിധവാ പെൻഷൻ | 740 | 7931800 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 53 | 556800 |
| വികലാംഗപെൻഷൻ | 315 | 3487000 |
| തൊഴിലില്ലായ്മ വേതനം | 16 | 18240 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2023 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹31426/- ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്ത് കാര്യാലയത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട പ്രധാന വിഷയങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

1. ജീവനക്കാരുടെ ചുമതലകൾ യഥാസമയം ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്.

2. വസ്തു നികുതി 100% പിരിച്ചെടുക്കുന്നതിൽ വീഴ്ചയുണ്ടായി.

3. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4. ഡി.സി.ബി രജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടാവുന്നു. ഉദാ: വാടക, ലൈസൻസ്, പെർമിറ്റ് രജിസ്റ്റർ

5. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

6. വാണിജ്യ സ്ഥാപനങ്ങളുടെ പേരുവിവരങ്ങൾ ഉൾപ്പെടുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

7. 2019-20ൽ ആരംഭിച്ച ബഡ്സ് സ്കൂൾ നിർമ്മാണ പ്രവൃത്തികൾ നാളിതുവരെയും പൂർത്തീകരിക്കാനായിട്ടില്ല.

8. 2020-21 വർഷാവസാനത്തോടുകൂടി തുടക്കം കുറിച്ച ഖരമാലിന്യ സംസ്കരണ പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തികൾ പ്രാരംഭ ഘട്ടത്തിൽ തന്നെ തുടരുന്നു.

9. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം സാമ്പിൾ പരിശോധനയിലൂടെ ഉറപ്പുവരുത്തുന്നതിനും ശരിയായ മോണിട്ടറിംഗ് നടത്തുന്നതിനും എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നുള്ള പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

## 1-9 വസ്തു നികുതി -അവലോകനം

പഞ്ചായത്തിലെ വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് 1/16-08-2023 നുള്ള മറുപടി പ്രകാരവും പരിശോധനയിൽ ലഭ്യമായ വിവരങ്ങളെ അടിസ്ഥാനമാക്കിയും ലഭ്യമായ വിവരങ്ങൾ താഴെ സൂചിപ്പിക്കുന്നു.

1) 2022-23 ലെ ബജറ്റ് പ്രകാരം വസ്തു നികുതി പ്രതീക്ഷിത വരവ് ₹50,00,000/- ആണെങ്കിലും, സഞ്ചയ, ഐഎൽജിഎംഎസ് എന്നിവ പ്രകാരം വരവ് ₹40,08,879/- മാത്രമാണ്. സഞ്ചയ പ്രകാരമുള്ള ഡിമാന്റ് ₹44,03,366/- കളക്ഷൻ ₹40,08,879/- എന്നിങ്ങനെയാണ്. ധനകാര്യവകുപ്പിന്റെ 18.10.2022-ലെ ഇ.ഒ(എംഎസ്) 179/2022 നമ്പർ ഉത്തരവിലൂടെ 2022-23 സാമ്പത്തികവർഷം മുതൽ ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക്, വികസന ഫണ്ടിന്റെ (പൊതു വിഭാഗം) ഒരു ശതമാനം പിഴയായി ഈടാക്കണമെന്ന് നിർദ്ദേശമുള്ളതാണ്. ആയതിനാൽ നികുതി പിരിവ് ഊർജ്ജിതമാക്കി ഫണ്ടിനത്തിൽ സംഭവിക്കാവുന്ന നഷ്ടം ഒഴിവാക്കേണ്ടതാണ്.

2) വസ്തു നികുതി പിരിവ് കണക്കുകളുമായി ബന്ധപ്പെട്ട് സാങ്കേതിക പിഴവുകളോ ഓൺലൈൻ സംവിധാനത്തിലെ പിഴവുകളോ ഉണ്ടായിട്ടില്ല. എന്നാൽ ഓരോ മാസത്തിന്റെയും അവസാനം ശേഷിക്കുന്ന വസ്തു നികുതിക്ക് ഡിമാന്റ് എൻട്രി വരുത്തുന്നില്ല. നികുതി ഇ-പെയ്മെന്റായി അടവാക്കുമ്പോൾ ഐ.കെ.എം. അക്കൗണ്ട് വഴി ലഭ്യമാകുന്നതിനാൽ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകുന്നതിന് കാലതാമസം നേരിടുന്നു.

3) ഐഎൽജിഎംഎസ് -സഞ്ചയ ഇന്റഗ്രേഷൻ പൂർണ്ണമായിട്ടുണ്ടെങ്കിലും സഞ്ചയ പ്രകാരവും അക്കൗണ്ട്സ് പ്രകാരവുമുള്ള പാർപ്പിട-പാർപ്പിടേതര വസ്തുനികുതി കുടിശ്ശിക തുകയിൽ താഴെ സൂചിപ്പിക്കുന്ന പ്രകാരം വ്യത്യാസം ഉണ്ട്.

| വസ്തു നികുതി ഇനം | വാർഷികക്കണക്ക് | സഞ്ചയ |
|---|---|---|
| പാർപ്പിടം(കുടിശ്ശിക) | 453881 | 114696 |
| പാർപ്പിടേതരം(കുടിശ്ശിക | 184010 | 76788 |

ഡേറ്റ പ്യൂരിഫിക്കേഷൻ സമയത്ത് സഞ്ചയ സോഫ്റ്റ് വെയറിൽ പൊളിച്ച് കളഞ്ഞ കെട്ടിടങ്ങൾ ഡിമോളിഷ് ആയി രേഖപ്പെടുത്തുകയും 60 ച.മീ. ൽ കുറവുള്ള കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി തുകകൾ ഐഎൽജിഎംഎസിൽ കുറവ് വരുത്തിയിട്ടില്ല. അരിയർ ഡിമാന്റ് കുറച്ച തുകകൾ ക്രോഡീകരിച്ചെടുത്ത് ഐഎൽജിഎംഎസിൽ നിന്നും കുറവ് വരുത്തി അപാകത പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയക്കേണ്ടതാണ്.

4) വസ്തു നികുതി പരിഷ്കരണ നടപടികൾ

സ.ഉ.(കൈ.)നം.77/2023/തസ്വഭവ തീയതി 22/03/23 പ്രകാരമുള്ള വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് അടിസ്ഥാന വസ്തു നികുതി നിരക്കിൽ വർദ്ധനവ് വരുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതും 08-06-2023 ലെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്. നിലവിലെ നികുതി നിരക്ക് സംബന്ധിച്ച് ആക്ഷേപം ലഭിച്ചിട്ടില്ലാത്തതിനാൽ നിരക്ക് അന്തിമമാക്കുന്നതിന് 25-07-23 ലെ കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതായും അന്തിമ വിജ്ഞാപനം ഉടൻ തന്നെ പത്രത്തിൽ പ്രസിദ്ധപ്പെടുത്തുമെന്നും പഞ്ചായത്ത് അറിയിച്ചു. നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട ഫീൽഡ് തല വിവരശേഖരണത്തിനും ഡേറ്റ എൻട്രിക്കുമായി രണ്ട് അപേക്ഷകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. സോഫ്റ്റ്വെയർ അപ്ഡേഷൻ പൂർത്തിയാകുന്ന മുറയ്ക്ക് ഫീൽഡ് പരിശോധന പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പ്രദേശത്തിന്റെ വികസനം, അടിസ്ഥാന സൗകര്യങ്ങൾ എന്നീ മാനദണ്ഡ പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ മാപ്പിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-10 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി നിർണ്ണയിച്ചു

ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും, 200 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും വാണിജ്യ ആവശ്യത്തിന്

ഉപയോഗിക്കുന്നതുമായ കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ശ്രീ. റോയി വർഗീസ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത കെട്ടിടം പല സബ് ഡിവിഷനുകളായി തിരിച്ച് വസ്തു നികുതി 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവയ്ക്ക് ബാധകമായ നിരക്കിൽ നിർണ്ണയിച്ച് ഈടാക്കിയതിനാൽ നികുതി വരുമാനത്തിൽ നഷ്ടം സംഭവിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (5% വർദ്ധനവിന് മുൻപുള്ള തുക)

| ഉടമയുടെ വിവരം/ പെർമ്മിറ്റ് നം. | കെട്ടിട നം./തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ വസ്തു നികുതി നിരക്ക്/ അടിസ്ഥാന വസ്തു നികുതി | വഴിസൗകര്യത്തിനുള്ള വർദ്ധന (20%)/ ലൈബ്രറി സെസ് (ആകെ നികുതിയുടെ 5%) | ഈടാക്കിയ നികുതി ₹ | ഈടാക്കേണ്ട വസ്തുനികുതി നിരക്ക്/ അടിസ്ഥാന വസ്തു നികുതി | വഴിസൗകര്യത്തിനുള്ള വർദ്ധന (20%)/ ലൈബ്രറി സെസ് (ആകെ നികുതിയുടെ 5%) | ഈടാക്കേണ്ട നികുതി ₹ | നികുതിയിനത്തിലെ നഷ്ടം ₹ |
|---|---|---|---|---|---|---|---|---|
| റോയി വർഗ്ഗീസ്, ആശാരിക്കുടിയിൽ, മങ്കഴി A4-/03 /18-19 /09-05-18 | 16/437E<br>32 | 70<br>2240 | 448<br>134 | 2822 | 90<br>2880 | 576<br>173 | 3629 | 807 |
| | 16/437F<br>26 | 70<br>1820 | 364<br>109 | 2293 | 90<br>2340 | 468<br>140 | 2948 | 655 |
| | 16/437G<br>16 | 70<br>1120 | 224<br>67 | 1411 | 90<br>1440 | 288<br>86 | 1814 | 403 |
| | 16/437H<br>53 | 70<br>3710 | 742<br>223 | 4675 | 90<br>4770 | 954<br>286 | 6010 | 1335 |
| | 16/437I<br>48 | 70<br>3360 | 672<br>202 | 4234 | 90<br>4320 | 864<br>259 | 5443 | 1209 |
| | 16/437J<br>24 | 70<br>1680 | 336<br>101 | 2117 | 90<br>2160 | 432<br>130 | 2772 | 655 |
| | 16/437K<br>16 | 70<br>1120 | 224<br>67 | 1411 | 90<br>1440 | 288<br>86 | 1814 | 403 |
| | 16/437L<br>40 | 70<br>2800 | 560<br>168 | 3528 | 90<br>3600 | 720<br>216 | 4536 | 1008 |
| | | | ആകെ | 22491/- | | ആകെ | 28966/- | 6475/- |

2018-19 ആദ്യ അർദ്ധവർഷം മുതലാണ് ടി കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളത്. വസ്തു നികുതി കുറവായി നിർണ്ണയിച്ച് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 2/തീ.17-08-2023) സമർപ്പിച്ച മറുപടിയിൽ, അപാകത പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണയിച്ച് ഈടാക്കി വിവരമറിക്കേണ്ടതാണ്.

## 1-11 ബി.എസ്.എൻ.എൽ. കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയിച്ചില്ല

ഗ്രാമപഞ്ചായത്തിലൂടെ കടന്നുപോകുന്ന തൊടുപുഴ-ഉടുമ്പന്നൂർ റോഡിന്റെ പാർശ്വത്തിൽ സ്ഥിതി ചെയ്യുന്ന, ബി.എസ്.എൻ.എൽ പ്രിൻസിപ്പൽ ജനറൽ മാനേജറുടെ ഉടമസ്ഥതയിലുള്ള ഓഫീസ് കെട്ടിടം നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രാഷ്ട്രപതിയുടെ ഉടമസ്ഥതയിലുള്ള പോസ്റ്റൽ & ടെലിഗ്രാഫ് വകുപ്പിന്റെ കെട്ടിടങ്ങൾക്ക് മാത്രമാണ് വസ്തുനികുതിയിൽ ഇളവ് അനുവദിക്കാവുന്നത്. ബി.എസ്.എൻ.എൽ കെട്ടിടങ്ങൾക്ക് പ്രസ്തുത ഇളവ് ബാധകമല്ലാത്തതിനാൽ നികുതിയിനത്തിൽ ഗണ്യമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | കെട്ടിട നമ്പർ/ വിസ്തീർണ്ണം (ച.മീ.) | വസ്തു നികുതി (സഞ്ചയയിൽ കാണിച്ചിട്ടുള്ള തുക) ₹ | നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതായ വർഷം (സഞ്ചയ പ്രകാരം) | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | വഴിയുടെ തരം |
|---|---|---|---|---|---|
| സി.എം.ഒ., പ്രിൻസിപ്പൽ ജനറൽ മാനേജർ, ബി.എസ്.എൻ. എൽ. | XVI/430<br>225 | 6521/- | 2013-14 മുതൽ<br>2023-24 വരെ | പ്രഥമം | 5 മീറ്ററോ കൂടുതലോ |

പ്രസ്തുത കെട്ടിടത്തിന്റെ വസ്തു നികുതി ഒഴിവാക്കിയതിൽ വിശദീകരണം ആവശ്യപ്പെട്ടും നികുതി നിർണ്ണയ രേഖകൾ

ഹാജരാക്കാൻ നിർദ്ദേശിച്ചും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/തീ.21-08-23) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത കാലയളവിലെ നികുതി നിർണ്ണയ രജിസ്റ്റർ കണ്ടെത്താനായില്ലെന്നും ആയത് കണ്ടെത്തി 2013-14 മുതലുള്ള നികുതി ഈടാക്കി വിവരമറിയിക്കുന്നതാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

## 1-12 അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കാൻ നടപടികളായില്ല

ഉടുമ്പന്നൂർ ടൗണിൽ റോഡ് വികസനം നടത്തിയപ്പോൾ മുൻപ് വസ്തു നികുതി ഡിമാന്റുണ്ടായിരുന്ന കെട്ടിടങ്ങളോട് കൂട്ടിച്ചേർത്ത് അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകുകയോ നികുതി നിർണയം നടത്തുകയോ ചെയ്തിട്ടില്ല. ടി കെട്ടിടങ്ങളിൽ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുമുണ്ട്. നാളിതു വരെ ടി കെട്ടിടങ്ങൾ അധികൃതമാക്കി നികുതി നിർണ്ണയിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ വർഷം തോറും ലക്ഷങ്ങളുടെ വരുമാന നഷ്ടമുണ്ടാകുന്നു. കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമ | 2013 ന് മുൻപുള്ള കെട്ടിട നമ്പർ |
|---|---|---|
| 1 | മുഹമ്മദ് അഫ്സൽ, ആലിയക്കുന്നേൽ, ഉടുമ്പന്നൂർ | I/301,302,303 |
| 2 | ഗിരീഷ് എൻ., കുത്തുകല്ലിൽ | I/286 |
| 3 | ദേവസ്യ മാത്യു, പുളിക്കക്കണ്ടത്തിൽ | I/287 |
| 4 | ഉണ്ണികൃഷ്ണൻ, പണ്ടകശാലയിൽ | I/288 |
| 5 | അയ്യപ്പൻ പിള്ള കൃഷ്ണപിള്ള, ഇളംപ്ലാശ്ശേരിൽ | I/289,290 |
| 6 | ബിന്ദു, കാവുംതടത്തിൽ | I/291,292,293,294 |
| 7 | റോസ് സണ്ണി, എടത്തൊട്ടിയിൽ | I/304,305,306,307,308 |
| 8 | സാഹിബ് കൊന്താലം, കാഞ്ഞിരത്തിങ്കൽ | I/314,315 |
| 9 | ശങ്കരൻ പിള്ള, പുത്തൻവീട്ടിൽ | I/354,355,356 |
| 10 | എ.എം.ഷെരീഫ്, ആലിയക്കുന്നേൽ | I/282,283 |
| 11 | സുമ രാജു, നീലിയാനിക്കൽ | I/285 |
| 12 | ഷിഹാബുദ്ദീൻ, പുല്ലായിക്കാട്ട് | II/19,20,21 |
| 13 | റസീന, ചങ്ങഴിമറ്റത്തിൽ | II/222 |
| 14 | ഇ.ആർ.പ്രഭാകരൻ, ഇല്ലിക്കൽ | II/223 |
| 15 | കബീർ കുഞ്ഞുമുഹമ്മദ്, കൊള്ളിക്കുന്നേൽ | II/224 |
| 16 | സാദിഖ് അസീസ്, കൊള്ളിക്കുന്നേൽ | II/225 |
| 17 | പരീത് സെയ്തുമുഹമ്മദ്, കളപ്പുരയിൽ | IV/27,28 |
| 18 | എ.എച്ച്. മൈതീൻ കുട്ടി, അറമംഗലത്ത് | IV/37 |
| 19 | ഇല്യാസ് കളപ്പുരയിൽ, സജീന പട്ടാളിയിൽ | IV/50,51,52 |
| 20 | റോയി ജോസഫ്, പാലക്കാട്ട് | IV/53 |
| 21 | ഷാജി ഹമീദ്, ആലിയക്കുന്നേൽ | IV/54 |
| 22 | അബ്ദുൾ റസാഖ്, താഴത്തേത്തൊട്ടിയിൽ | IV/55 |
| 23 | അബ്ദുൾ അസീസ്, കാരകുന്നേൽ | IV/56,57,57 |
| 24 | സി.കെ.അനിൽകുമാർ, ചാമക്കാലായിൽ | IV/59, 60 |
| 25 | ഹുസൈൻ എ.എം., അറമംഗലത്ത് | IV/62 |
| 26 | എ.എച്ച്.സെയ്ത് മുഹമ്മദ്, അറമംഗലത്ത് | IV/63 |
| 27 | അയ്യപ്പൻ പിള്ള ,പനച്ചിക്കാട്ട് | IV/64,65 |
| 28 | ഭാരതി നാരായണൻ, കുത്തുകല്ലിൽ | IV66,67,68 |

2013 ന് മുമ്പ് കെട്ടിട നികുതി ഈടാക്കിയിരുന്ന സൂചിത കെട്ടിടങ്ങൾ 2013 ന ശേഷം സഞ്ചയ ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല. മുൻപുണ്ടായിരുന്ന നികുതി ഡിമാന്റിൽ നിന്നും ടി കെട്ടിടങ്ങളെ ഒഴിവാക്കിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 10/തീ. 22.08.2023) മറുപടി ലഭ്യമാക്കിയില്ല. ടി കെട്ടിടങ്ങൾ റോഡിന് വീതി കൂട്ടിയപ്പോൾ കെട്ടിട നിർമ്മാണ പെർമ്മിറ്റ് എടുക്കാതെ കൂട്ടിച്ചേർക്കലുകൾ വരുത്തിയതിനാലാണ് അനധികൃതമെന്ന നിലയ്ക്ക് സഞ്ചയയിൽ ഉൾപ്പെടുത്താത്തതെന്നാണ് അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞത്. ടി കെട്ടിടങ്ങളെ അൺഓതറൈസ്ഡ് ഗണത്തിൽ ഉൾപ്പെടുത്തി പ്രത്യേക കെട്ടിട നമ്പർ നൽകി ഫോറം 10-ലുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഇത്തരം കെട്ടിടങ്ങൾക്ക് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 235എഎ യിലെ 1-ാം ഉപവകുപ്പ് പ്രകാരം നികുതി നിർണ്ണയിക്കേണ്ടതാണെന്ന് 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(3)ൽ നിഷ്കർഷിക്കുന്നുണ്ട്. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ ഖണ്ഡിക 1-12 ൽ പഞ്ചായത്തിൽ ഇത്തരത്തിൽ ധാരാളം അനധികൃത കെട്ടിടങ്ങൾ ഉണ്ടെന്ന വിവരം പരാമർശിച്ചിട്ടുണ്ടെങ്കിലും സർക്കാർ അനുമതിയോടെ ക്രമവത്ക്കരിക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്താത്തത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നുമുള്ള മനഃപൂർവ്വമായ അനാസ്ഥയായി ഓഡിറ്റ് വിലയിരുത്തുന്നു. ടി കെട്ടിടങ്ങൾ സഞ്ചയ ഡിമാന്റിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച തുടരന്വേഷണത്തിനും അവ അധികൃതമാക്കി നികുതി നിർണ്ണയിക്കുന്നതിനുവേണ്ട തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഭരണ വകുപ്പിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-13 വാണിജ്യ സ്ഥാപനങ്ങളുടെ പട്ടിക കാലികമല്ല

പഞ്ചായത്തിലെ വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ ധാരാളമായി പ്രവർത്തിക്കുന്ന രണ്ട് വാർഡുകളായ ഇടമറുക് (വാർഡ് 14), ഉടുമ്പന്നൂർ (വാർഡ് 16) എന്നിവിടങ്ങളിൽ സഞ്ചയ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന നിലയിൽ വസ്തു നികുതി ഒടുക്കുന്ന വളരെ അധികം കെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ ഇവയിൽ വാണിജ്യാവശ്യത്തിനായി ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കുറവാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് | സഞ്ചയ പ്രകാരം നികുതി ഈടാക്കുന്ന ഗണം | കെട്ടിടങ്ങളുടെ എണ്ണം(സഞ്ചയ പ്രകാരം) | ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നവ രജിസ്റ്റർ പ്രകാരം (ഒരേ സ്ഥാപനം പ്രവർത്തിക്കുന്ന വിവിധ മുറികളുൾപ്പടെ) |
|---|---|---|---|
| Xiv | 100 ച.മീ. വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 171 | 78 |
| | 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 33 | |
| | 200 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 47 | |
| | അസംബ്ലി കെട്ടിടം, കല്യാണ മണ്ഡപം, ലോഡ്ജ് | 4 | |
| | ഇതര വ്യവസായത്തിനുള്ളവ | 1 | |
| | വ്യവസായാവശ്യത്തിനുള്ള കൈത്തറി, കയർപിരി ഷെഡ് | 7 | |
| | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, ഫ്യൂവൽ സ്റ്റേഷൻ, പെട്ടിക്കടകൾ | 1 | |
| Xiv | 100 ച.മീ. വരെ വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 169 | 62 |
| | 100 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, ഷോപ്പുകൾ, ഗോഡൗൺ | 20 | |
| | 200 ച.മീ. ന മുകളിൽ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 7 | |
| | അസംബ്ലി കെട്ടിടം, കല്യാണ മണ്ഡപം, ലോഡ്ജ് | 3 | |
| | ഇതര വ്യവസായത്തിനുള്ളവ | 3 | |
| | വ്യവസായാവശ്യത്തിനുള്ള കൈത്തറി, കയർപിരി ഷെഡ് | 1 | |
| | ആകെ | 467 | 140 |

മേൽ പട്ടികയിൽ പരാമർശിക്കുന്നവയുൾപ്പടെ ഗ്രാമപഞ്ചായത്തിൽ ഒട്ടാകെ 181 സ്ഥാപനങ്ങൾ മാത്രമാണ് 16 വാർഡുകളിലായി

ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളുടെ എണ്ണത്തിലുള്ള കുറവിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 7/തീ.19.08.2023) സെക്രട്ടറി മറുപടി ഹാജരാക്കി. ഫീൽഡ് തല അന്വേഷണം നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഫീൽഡ് തല പരിശോധനകൾ കൃത്യമായ ഇടവേളകളിൽ നടത്തി പുതുതായി ആരംഭിച്ച വാണിജ്യ സ്ഥാപനങ്ങളുൾപ്പടെ ലൈസൻസോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പാക്കുന്നതിനും വ്യാപാര സ്ഥാപനങ്ങളുടെ വിവരം രേഖപ്പെടുത്തുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നതിനും പഞ്ചായത്ത് ഭരണാധികാരികളുടെയും ഉദ്യോഗസ്ഥരുടെയും നിതാന്ത ശ്രദ്ധ ഉണ്ടായിരിക്കേണ്ടതാണ്.

1-14 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി- അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണം | ഡയറി ഫാം ഇൻസ്ട്രക്ടർ |
| പദ്ധതിയുടെ പേര്, നമ്പർ | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (218/23) |
| അടങ്കൽ | ₹300000 |
| ചെലവ് | ₹2209199 |

ക്ഷീര സഹകരണ സംഘങ്ങളിൽ നൽകുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് ₹3/- എന്ന നിരക്കിൽ ഒരു വർഷം ₹40,000/- അധികരിക്കാതെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി നൽകാവുന്നതാണ്. ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിലെ വിവിധ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന കർഷകർക്കായി 2022-23 വർഷം വിവിധ ബില്ലുകൾ പ്രകാരം ₹22,09,199/- പിൻവലിച്ച് നൽകിയിട്ടുണ്ട്. ഇവരിൽ താഴെ സൂചിപ്പിക്കുന്ന ക്ഷീര കർഷകർക്ക് വാർഷിക സബ്സിഡി പരിധിയായ ₹40,000/- ൽ അധികരിച്ച് നൽകിയതായി കാണുന്നു.

| ക്ഷീര കർഷകന്റെ വിവരം | ബിൽ നമ്പർ/ തീയതി/ തുക | നൽകിയ തുക ₹ | ആകെ നൽകിയതുക ₹ | അധികം നൽകിയത് ₹ |
|---|---|---|---|---|
| അജിൻ എസ്., ഇടശ്ശേരിൽ മഞ്ചിക്കല്ല് ക്ഷീരോൽപാദക സഹകരണ സംഘം | 2210095200530123599З/ 21-02-23/47508 | 2414 | 43249/- | 3249/- |
| | 22100952005301238609/ 23-02-23/26573 | 1496 | | |
| | 22100952005301238627/ 23-02-23/33800 | 1995 | | |
| | 22100952005301238540/ 23-02-23/48512 | 2415 | | |
| | 22100952005301501139/ 27-03-23/112496 | 4827 | | |
| | 22100952005301500066/ 27-03-23/91800 | 5697 | | |
| | 22100952005301499910/ 27-03-23/92013 | 5697 | | |
| | 22100952005301426321/ 21-03-23/94651 | 6378 | | |
| | 22100952005301426338/ 21-03-23/106494 | 5985 | | |
| | 22100952005301411827/ 20-03-23/99587 | 6345 | | |
| രാമചന്ദ്രൻ പി.കെ. പുളിവേലിൽ അമയപ്ര ക്ഷീരോൽപാദക സഹകരണ സംഘം | 22100952005301285255/ 03-03-23/15331 | 2200 | 40930/- | 930/- |
| | 22100952005301285077/ 03-03-23/39550 | 12578 | | |
| | 22100952005301285068/ 03-03-23/30400 | 3010 | | |
| | 22100952005301285208/ 03-03-23/ 24581 | 2790 | | |
| | 22100952005301501168/ 27-03-23/90553 | 5250 | | |

| | | |
|---|---|---|
| | 22100952005301426319/ 21-03-27/28818 | 7653 |
| | 22100952005301411790/ 20-03-23/34563 | 7449 |
| ആകെ അധികമായി നൽകിയ തുക | | ₹4179/- (നാലായിരത്തി ഒരുന്നൂറ്റി എഴുപത്തൊൻപത്) |

സബ്സിഡി തുക അധികമായി നൽകിയത് സംബന്ധിച്ച് നൽകിയതിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നമ്പർ 9/തീ.22-08-2023) മറുപടി ഹാജരാക്കിയില്ല. അധികമായി നൽകിയ ₹4179/- തിരികെ ഈടാക്കി നിശ്ചിത ശീർഷകത്തിൽ സർക്കാർ ഫണ്ടിലേക്ക് ഒടുക്കി വിവരമറിയിക്കേണ്ടതാണ്.

## 1-15 ഗാർഹിക കമ്പോസ്റ്റിംഗ് യൂണിറ്റ്-പ്രവൃത്തി നടപ്പിലാക്കാൻ വിസമ്മതിച്ച കരാറുകാരന്റെ സെക്യൂരിറ്റി നിക്ഷേപം തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

ഗാർഹിക റിംഗ് കമ്പോസ്റ്റിംഗ് യൂണിറ്റ് (പ്രോജക്ട് നം.290/21) എന്ന പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ ബ്ലൂ ഫ്ലെയിം ബയോ എന്ന സ്ഥാപനം ഗ്രാമ പഞ്ചായത്തുമായി കരാറിലേർപ്പെട്ട ശേഷം പ്രവൃത്തി നടപ്പിലാക്കാൻ വിസമ്മതം രേഖപ്പെടുത്തിയിരുന്നു. തുടർന്ന് ഗുണഭോക്തൃവിഹിതമിനത്തിൽ 9 ഗുണഭോക്താക്കളിൽ നിന്നും കളക്ട് ചെയ്തിരുന്ന ₹10962/- 19.03.2022 ലെ 5/1 നം. പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെക്ക് നം. 160453/8.11.22 പ്രകാരം ഗുണഭോക്താക്കൾക്ക് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. നിരതദ്രവ്യം, ജാമ്യ നിക്ഷേപം എന്നീയിനങ്ങളിൽ നിർവ്വഹണ ഏജൻസിയിൽ നിന്നും കളക്ട് ചെയ്തിട്ടുള്ള തുക തനതുഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. പ്രസ്തുത സ്ഥാപനം തുടർന്നും ഗ്രാമ പഞ്ചായത്തിന്റെ ടെണ്ടർ നടപടികളിൽ പങ്കെടുത്തു വരുന്നതായി കാണുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.11/22.8.23) മറുപടി നൽകിയിട്ടില്ല. കരാറുകാരന്റെ പേരിലുള്ള നിരതദ്രവ്യം, ജാമ്യ നിക്ഷേപം എന്നിവ തനതുഫണ്ടിലേക്ക് മുതൽ കൂട്ടുന്നതോടൊപ്പം കരാറുകാരനെതിരെ നിയമാനുസൃത നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-16 പെരിങ്ങാശ്ശേരി ഉപ്പുകുന്ന് അംഗനവാടി അറ്റകുറ്റപണി-അധികം തുക പിൻവലിച്ചു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നം. | 81/20 |
| കരാറുകാരൻ | ഷിബു മാത്യു |
| അളവു ബുക്ക് | 82/19-20 |
| ബിൽ നം./തീയതി & തുക | 20100352004300550966/20.10.22 ₹85122/-<br>22100952004300550975/17.9.22 ₹68122/- |

പെരിങ്ങാശ്ശേരി ഉപ്പുകുന്ന് അംഗനവാടി അറ്റകുറ്റപണി എന്ന പദ്ധതിയുടെ ആകെ പ്രവൃത്തിമൂല്യം ₹135129/-യാണ്. 12% ജി.എസ്.ടി. മൂല്യമുൾപ്പെടെ പ്രവൃത്തിക്കായി പിൻവലിക്കാവുന്ന ആകെ തുക ₹151344/- ആണ്. എന്നാൽ പദ്ധതിക്കായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ₹151344/- പിൻവലിച്ചിട്ടുണ്ട്. ഒന്നാം പാർട്ട് ബില്ലിൽ നിന്നും റീട്ടെൻഷൻ ഇനത്തിൽ ₹1900/- കരാറുകാരനിൽ നിന്നും പിടിച്ച് ഗ്രാമ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് ഒടുക്കിയിരുന്നു. വീണ്ടും റീട്ടെൻഷൻ തുക കൂടി ഉൾപ്പെടുത്തി അന്തിമ ബിൽ തയ്യാറാക്കിയതിലാണ് അധിക തുക പിൻവലിക്കാനിടയായിട്ടുള്ളത്. റീട്ടെൻഷൻ ഇനത്തിൽ തനതുഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള ₹1900/-സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 1-17 ഹോമിയോ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല

2022-23 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി മരുന്ന് വാങ്ങൽ പദ്ധതിക്കുവേണ്ടി ചുവടെ

ചേർത്തിരിക്കുന്ന രീതിയിൽ ₹3,35,000/- ഹോംകോയിൽ ഒടുക്കിയിട്ടുണ്ടെങ്കിലും ₹75,044/-യുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെയും ലഭ്യമായിട്ടുള്ളത്.

| BRN നമ്പർ | തുക |
|---|---|
| 221009520029009 15483/15-12-23 | 1,35,000 |
| 221009520029006 69244/19-10-22 | 2,00,000 |
| ആകെ | 3,35,000 |

ഹോംകോയിൽ നിന്നും മരുന്നുകൾ എത്രയും വേഗം ലഭ്യമാകുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ആദ്യഗഡു ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2021-22 സാമ്പത്തിക വർഷം വ്യക്തിഗത കക്കൂസ് നിർമ്മാണത്തിനായി 29.12.2021 ൽ ₹3400/-വീതം മൂൻകൂറായി (ആകെ ധനസഹായം ₹12000/-) കൈപ്പറ്റിയ താഴെപ്പറയുന്ന 3 ഗുണഭോക്താക്കൾ നാളിതുവരെയും കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

1. കാഞ്ചന സന്തോഷ്, വാദ്ധ്യംകാവിൽ
2. സിനി ഡാജു, മുത്തനാട്ട്
3. ശ്രീകല മധു, കുരുവിപ്ലാക്കൽ

ഗുണഭോക്താക്കൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി കക്കൂസ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-19 ഗാർഹിക ബയോഗ്യാസ് പ്ലാന്റ്-നിർവ്വഹണ ഏജൻസിയിൽ നിന്നും TDS ഈടാക്കിയിട്ടില്ല

| | | | |
|---|---|---|---|
| പ്രോജക്ട് നം.111/23 | പദ്ധതി അടങ്കൽ | ₹1710000/-(വി.ഫ-₹1539000/- ഗു.വി-₹171000/- | |
| | പദ്ധതി ചെലവ് | ബിൽ നം./തീയതി | തുക(₹) |
| | | വൗച്ചർ 22200240/27.7.22 | 795000 |
| | | വൗച്ചർ നം.685/20.12.22 | 715500 |
| | | വൗച്ചർ നം.22101086/31.03.22 | 90000 |
| | | ചെക്ക് നം.163056/30.12.22 | 81000 |
| | | ആകെ | 1681500 |
| പ്രോജക്ട് നം.247/23 | പദ്ധതി ചെലവ് | വൗച്ചർ 22201807/31.3.23 | 160140 |
| | | XVFC/22-23/P/101/30.3.23 | 160140 |
| | | 22201089/31.3.23 | 160140 |
| | | XVFC/22-23/P/100/30.3.23 | 160140 |
| | | ചെക്ക് നം.158195/31.3.23 | 17800 |
| | | ചെക്ക് നം 1788/30.3.23 | 17800 |
| | | ചെക്ക് നം 1784/30.3.23 | 17800 |
| | | ചെക്ക് നം 1786/30.3.23 | 17800 |
| | | ആകെ | 711760 |

ഗാർഹിക ആവശ്യത്തിനായി ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്യുന്നതിനായി 2021-22 വർഷം ആവിഷ്കരിച്ച് 2022-23 വർഷത്തിൽ സ്പിൽ ഓവർ ആയി തുടർന്ന പദ്ധതിയിൽ 190 ബയോഗ്യാസ് പ്ലാന്റുകൾ നൽകിയ ഇനത്തിൽ നിർവ്വഹണ ഏജൻസിയായ നവജ്യോതി ബയോഗ്യാസ് എന്ന സ്ഥാപനത്തിന് വിവിധ വൗച്ചറുകൾ പ്രകാരം ₹1681500/- നൽകിയിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നും ₹33,630/- TDS ഇനത്തിൽ ഈടാക്കേണ്ടതായിരുന്നെങ്കിലും (₹16,81,500/-യുടെ 2%) ₹15,576/- മാത്രമാണ് ഈടാക്കിയിട്ടുള്ളത്. തൻവർഷം പ്രോജക്ട് നം.247/23 പ്രകാരം നടപ്പാക്കിയ പുതിയ ബയോഗ്യാസ് പ്ലാന്റ് പദ്ധതിയിൽ ഗ്രീൻജ്യോതി ബയോഗ്യാസ് എന്ന സ്ഥാപനത്തിന് 80 ബയോഗ്യാസ് പ്ലാന്റുകൾ വിതരണം ചെയ്തയിനത്തിൽ നൽകിയ ₹711760/- യുടെ 2% TDS ആയ ₹14235/- യും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം.5/19.8.23) മറുപടി ലഭ്യമാക്കിയില്ല. നിർവ്വഹണ ഏജൻസി ജി.എസ്.ടി. തുക പൂർണ്ണമായും സർക്കാരിൽ ഒടുക്കിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-20 ബഡ്സ് സ്കൂൾ നിർമ്മാണം-പദ്ധതി ലക്ഷ്യ പ്രാപ്തിയിലെത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 ൽ ആരംഭിച്ചതും ഇപ്പോഴും പൂർത്തീകരിക്കാൻ അവശേഷിക്കുന്നതുമായ ബഡ്സ് സ്കൂൾ നിർമ്മാണം എന്ന പദ്ധതിക്കായി 2021-22 വരെ ₹16,32,335/- ചെലവഴിച്ച് കെട്ടിടത്തിന്റെ സ്ട്രക്ചർ ഘട്ടം വരെ പൂർത്തീകരിച്ചിരുന്നു. മാനസിക വെല്ലുവിളി നേരിടുന്നവരുടെ പുനരധിവാസം ലക്ഷ്യമിട്ട് ഏറ്റെടുത്ത പദ്ധതിയുടെ പൂർത്തീകരണത്തിനായി 2022-23 സാമ്പത്തിക വർഷം വിവിധ ഫണ്ടുകളിൽ നിന്നായി ₹26,25,866/- കൂടി (പ്രോജക്ട് നം.49/23) വകയിരുത്തിയിരുന്നെങ്കിലും നാളിതുവരെയും പദ്ധതി പൂർത്തീകരണത്തിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. കെട്ടിട നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 എസ്.സി. ഭവന പുനരുദ്ധാരണം-മുൻകൂറായി ആദ്യ ഗഡു കൈപ്പറ്റിയിട്ടും അറ്റകുറ്റ പണികൾ നടപ്പാക്കിയിട്ടില്ല

എസ്.സി. ഭവന പുനരുദ്ധാരണ പദ്ധതിയുടെ (പ്രോജക്ട് 193/23) ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പക്കൽ നിന്നും ശ്രീമതി. സുമതി കുഞ്ഞപ്പൻ, കോട്ടയിൽ എന്ന ഗുണഭോക്താവ് ബിൽ നം. 22100952004701529558/28.03.2023 പ്രകാരം മുൻകൂറായി ₹30000/- (ആകെ സബ്സിഡി ₹60000/-) കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ഭവന പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കി രണ്ടാം ഗഡു തുക കൈപ്പറ്റിയിട്ടില്ല. ഗുണഭോക്താവിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഭവന പുനരുദ്ധാരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 മാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മാണം-പ്രാരംഭ ഘട്ടത്തിൽ നിന്ന് മുന്നേറാനായിട്ടില്ല

ദിനംപ്രതി വർദ്ധിച്ചുവരുന്ന ഖരമാലിന്യങ്ങളുടെ നിർമ്മാർജ്ജനം ഗ്രാമ പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധികളിൽ ഒന്നാണ്. ഖരമാലിന്യ സംസ്കരണ പ്രശ്നത്തിന് ഒരു പരിഹാരമെന്ന നിലയിലാണ് ഗ്രാമ പഞ്ചായത്ത് ഖരമാലിന്യ നിർമ്മാജ്ജന പ്ലാന്റ് നിർമ്മാണം എന്ന പദ്ധതി ഏറ്റെടുത്തിട്ടുള്ളത്. 2020-21 വർഷാവസാനം ആവിഷ്കരിച്ച പദ്ധതി 2021-22 വർഷം സ്പിൽ ഓവർ ആയി ഉൾപ്പെടുത്തിയിരുന്നെങ്കിലും ₹8,15,845/- ചെലവഴിച്ച് സംസ്കരണ പ്ലാന്റിലേക്കുള്ള റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മാണ പ്രവൃത്തികൾ മാത്രം നിർവ്വഹിച്ചിരുന്നു. 2022-23 സാമ്പത്തിക വർഷം മാലിന്യ സംസ്കരണ പ്ലാന്റിന്റെ പൂർത്തീകരണത്തിനായി വിവിധ പദ്ധതികളിലായി ₹43,64,065/- വകയിരുത്തിയിരുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതി&പ്രോജക്ട് നം | വകയിരുത്തിയ തുക(₹) | | | | |
|---|---|---|---|---|---|
| | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | ശുചിത്വ മിഷൻ ഫണ്ട് | ജില്ലാപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | തനതുഫണ്ട് |
| മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ (75/23) | 490000 | | 500000 | 500000 | |
| മാലിന്യ സംസ്കരണ പ്ലാന്റിന് അടിസ്ഥാന സൗകര്യമൊരുക്കൽ (98/23) | 674155 | | | | |
| മാലിന്യ സംസ്കരണ പ്ലാന്റ് പൂർത്തീകരണം (250/23) | | 1159200 | | | 115929 |
| മാലിന്യ സംസ്കരണ പ്ലാന്റ് തുക നൽകൽ (254/230 | | 390710 | | | 35071 |
| മാലിന്യ സംസ്കരണ പ്ലാന്റ് സംരക്ഷണ ഭിത്തി (255/23) | | 450000 | | | 45000 |
| ആകെ | 1164155 | 1999910 | 500000 | 500000 | 200000 |

പദ്ധതി പൂർത്തീകരണത്തിനായി തൻവർഷം ₹43,64,065/- വകയിരുത്തിയിരുന്നെങ്കിലും നാളിതുവരെയായി സംസ്കരണ പ്ലാന്റിലേക്കുള്ള റോഡിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം മാത്രമാണ് പൂർത്തീകരിക്കാനായിട്ടുള്ളത്. മാലിന്യ സംസ്കരണ പ്ലാന്റ് കെട്ടിടത്തിന്റ പ്രാരംഭ ഘട്ടം പോലും പിന്നിടാനായിട്ടില്ല. ശുചിത്വ മിഷൻ ഫണ്ട് ലഭിക്കുന്നതിലുണ്ടായ കാലതാമസമാണ് പദ്ധതി വൈകുന്നതിന് കാരണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ വ്യക്തമാക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണ പ്ലാന്റ് എത്രയും വേഗം പൂർത്തീകരിച്ച് മാലിന്യ നിർമ്മാർജ്ജന പ്രശ്നത്തിന് ശാശ്വത പരിഹാരം കാണേണ്ടതാണ്.

1-23 പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സോളാർ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ -രേഖകൾ ലഭ്യമല്ല-ചെലവ് തടസ്സം.

| | |
|---|---|
| പ്രോജക്ട് നം. | 212/23 |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ട്രാൻസാക്ഷൻ നം. | S44303933/15.03.2023 |
| വൗച്ചർ നം. | 22200994/21.03.2023 |
| തുക | ₹266750/- |

പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലായി 5 സോളാർ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ലൈറ്റ് ഒന്നിന് ₹48,500/- പ്രകാരം ആകെ ₹2,42,500/- ഉം അഡ്മിനിസ്ട്രേറ്റീവ് ചാർജ് ₹24,250/-ഉം ചേർന്ന് ഒട്ടാകെ ₹2,66,750/- അനർട്ട് ഇടുക്കിയുടെ പേരിൽ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. തുക ആവശ്യപ്പെട്ടുകൊണ്ടുള്ള അനർട്ട് ജില്ലാ എഞ്ചിനീയറുടെ 20.01.2023 ലെ കത്തും സപ്ലൈ ആന്റ് ഇൻസ്റ്റലേഷൻ ആവശ്യപ്പെട്ട് അനർട്ട്, ജില്ലാ എഞ്ചിനീയർ M/s. ഉഷ ഇലക്ട്രോണിക്സ് സിസ്റ്റംസ്, ക്ലൂറനാട് എന്ന സ്ഥാപനത്തിന് അയച്ച കത്തും, മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സ്ട്രീറ്റ് ലൈറ്റുകളുടെ അസ്സൽ ഇൻവോയ്സ്, ഗാരന്റി രേഖകൾ, ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഇവ ലഭ്യമാക്കുന്നതു വരേയ്ക്കും ചെലവ് തുക ₹2,66,750/- തടസ്സപ്പെടുത്തുന്നു.

1-24 വിവിധ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം ലഭ്യമല്ല. ചെലവ് തടസ്സം

2022-23 വർഷം പഞ്ചായത്ത് ആവിഷ്കരിച്ച ഏതാനും പദ്ധതികളിൽ പദ്ധതി നിർവഹണത്തിനായി മറ്റ് സ്ഥാപനങ്ങളിൽ ഒടുക്കിയ തുകകൾ വിനിയോഗിച്ച് പദ്ധതി പൂർത്തിയാക്കിയോ എന്ന വിവരം ലഭ്യമല്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | പേര് | സ്ഥാപനം | ട്രാൻസാക്ഷൻ നം. | തീയതി | തുക |
|---|---|---|---|---|---|
| 37 | പന്നൂർ പള്ളിത്താഴത്ത് റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | വാട്ടർ അതോറിറ്റി | S44304337 | 15.03.2023 | 700000 |
| 38 | വാർഡ് 14 നവതീരം റോഡിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | വാട്ടർ അതോറിറ്റി | S44256116 | 15.03.2023 | 600000 |
| 43 | കട്ടിക്കയം അംഗൻവാടിക്ക് കുഴൽകിണർ നിർമ്മാണം | ഭൂജലവകുപ്പ് | S51222574 | 07.03.2023 | 1935 |
| | | | S8735227 | 28.03.2023 | 148065 |
| | | ഒട്ടാകെ | | | 1450000 |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരേയ്ക്കും ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - അധികമായി അനുവദിച്ച ധനസഹായം നിരാകരിക്കുന്നു - ₹4179/-

ഒരു ക്ഷീരകർഷകന് ഒരു സാമ്പത്തിക വർഷം നൽകാവുന്ന പരമാവധി സബ്സിഡി തുകയിൽ അധികമായി ₹4179/- നൽകിയത് മൂലം പ്രസ്തുത തുക പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. ഈ അപാകത സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഖണ്ഡിക 1-14 ൽ ചേർത്തിട്ടുണ്ട്. പ്രസ്തുത ഖണ്ഡിക 1-14 ഈ ഖണ്ഡികയുടെ ഭാഗമായിരിക്കും. ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 4-9 (ബി) -ൽ പേര് പരാമർശിച്ചിട്ടുള്ള ഉദ്യോഗസ്ഥർ പ്രസ്തുത നഷ്ടത്തിന് ഉത്തരവാദിയാണ്. പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്ന് നഷ്ടമായ തുക ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 130850 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി(136/23) | 130850 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 603456 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (218/23) | 603456 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 500000 | മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ(75/23) | 500000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 260000 | ലൈഫ് ഭവനപദ്ധതി എസ്.സി(117/23) | 260000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 275000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ്(189/23) | 275000 | 0 |
| ജില്ലാപഞ്ചായത്ത് | 55000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ്(189/23) | 55000 | 0 |
| ജില്ലാ പഞ്ചായത്ത് | 50358 | ഗോത്ര സാരഥി പദ്ധതി(229/23) | 50358 | 0 |
| ജില്ലാപഞ്ചായത്ത് | 300000 | ലൈഫ് ഭവനപദ്ധതി എസ്. ടി(118/23) | 300000 | 0 |
| ജില്ലാപഞ്ചായത്ത് | 261700 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി(136/23) | 261700 | 0 |
| ജില്ലാപഞ്ചായത്ത് | 958616 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (218/23) | 958616 | 0 |
| ജില്ലാ പഞ്ചായത്ത് | 400000 | സുവർണ്ണഭവനം (245/23) | 400000 | |

### 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക/റിമാർക്സ് |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | ഉടുമ്പന്നൂർ നവതീരം റോഡിൽ നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(38/23) | 22200983/21.3.23 | 600000 | 0 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| വാട്ടർ അതോറിറ്റി | പന്നൂർ പള്ളിത്തണ്ട് റോഡിൽ നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (3 7/23 | 222000982/21.3.23 | 700000 | 0 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| കേരള ഗ്രൗണ്ട് വാട്ടർ അഥോറിറ്റി | കട്ടിക്കയം അംഗണവാടിക്ക് കുഴൽ കിണർ നിർമ്മാണം(43/23) | 222201036/31.3.23 | 150000 | 0 | സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| | | | 1450000 | | |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

### 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | തൻവർഷ വായ്പ ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|

| | | | | യിരുന്ന തുക ₹ | | | ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ജവഹർ ഭവന പദ്ധതി | 68108/DB1/14/ ത.സ്വ.ഭ.വ. തീ.21-01-2015 296126/DB1/15 ത.സ്വ.ഭ.വ. തീ.01-02-2016 | 40000000 | 0 | 15100000 | 3532000 | 650011 | 11568000 |
| ലൈഫ് മിഷൻ | GO(MS)68/2018/ ത.സ്വ.ഭ.വ. തീ.18-05-2018 | 22960000 | 2480000 | 16506470 | 18986470 | 2791892 | 16194578 |

## 4-5 സ്ഥിര നിക്ഷേപം

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

-ഇല്ല-

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള പരാമർശങ്ങൾ

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക വിവരം

എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദി യായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? (ഉണ്ട്/ ഇല്ല) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2014-15 | 3-1 | ശ്രീ. റ്റി. ആർ. ഷിബു വി.ഇ.ഒ. | കെ.എസ്.എ. 1935/ (സ്പെ. സെൽ.) എസ്.സി.- 2/സി.1 2007/ 8.11.2017 | | - | | - | - | - | 0 | 50000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | ₹21627455 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹53929265 |
| ആകെ | ₹75556720 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹57558648 |
| നീക്കിയിരിപ്പ് | ₹17998072 |

കുറിപ്പ്:- പഞ്ചായത്തിന്റെ 2022-23 ലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹4179 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1716750/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേര്/ഉദ്യോഗപ്പേര് |
|---|---|---|
| 3-1 | 4179 | ശ്രീ. എം.പി. സുധീഷ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 2,66,750 | ശ്രീ. ജോൺസൻ എം.ജെ., അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-24 | 14,50,000 | ശ്രീ. ജോൺസൻ എം.ജെ., അസി. സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് |
| ആകെ | 17,16,750 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-12 |

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജോൺസൻ എം.ജെ., അസി. സെക്രട്ടറി | അസി. സെക്രട്ടറി, ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | മംഗലത്ത് വീട്, മൂലമറ്റം പി.ഒ, ഇടുക്കി ജില്ല, പിൻ - 685589 |
| ശ്രീ. എം.പി. സുധീഷ്, ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ക്ഷീരവികസന ഓഫീസ് ഇളംദേശം ബ്ലോക്ക് പഞ്ചായത്ത് | മൂഴിക്കൽ വീട് അരിക്കുഴ പി.ഒ. ഇടുക്കി ജില്ല |

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2009-10 | എൽ.എഫ്.ഐ-10/986/12 04.09.12 | 1 | 3-14 |
| 2010-11 & 2011-12 | എൽ.എഫ്.ഐ-8/1517/ 13 07.07.14/12.09.14 | 1 | 3-3 |
| 2014-15 | കെ.എസ്.എ./ഐ.ഡി.കെ-10/1391/ 16/28.09.17 | 4 | 3-1, 3-2, 3-3, 3-9 |
| 2015-16 | കെ.എസ്.എ./ഐ.ഡി.കെ-10/1172/ 17/02.11.17 | 3 | 3-2, 3-3 (1,2), 3-5 |
| 2016-17 | കെ.എസ്.എ./ ഐ.ഡി.കെ-10/559/ 17/ 01.08.17 | 1 | 3 – 7 |
| 2017-18 | കെ.എസ്.എ./ഐ.ഡി.കെ-10/938/ 18/ തീ.25.09.2018 | 1 | 3-7 |
| 2018-19 | കെ.എസ്.എ./ഐ.ഡി.കെ-10/965/ 19/ തീ.26.11.2019 | 3 | 1 – 16, 1-23, 1-24 |
| 2019-20 | കെ.എസ്.എ./ഐ.ഡി.കെ-10/572/21 തീ.30.06.2021 | 8 | 1-10, 1-11, 1-12, 1-13, 1-15, 1-16, 1-17, 3-2 |
| 2020-21 | കെ.എസ്.എ./ഐ.ഡി.കെ-10/619/22 തീ. 30.06.2021 | 7 | 1-10 മുതൽ 1-16 വരെ |
| 2021-22 | കെ.എസ്.എ.ഐ.ഡി.കെ.പി4-234/2023 തീ.05.04.2023 | 29 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 25-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Udumbannoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Udumbannoor Grama Panchayat for the year 2022-2023

Date: 04/11/2023

Deputy Director
District Office Idukki
Kerala State Audit Department

### Audit Report appended to the Audit Certificate of Udumbannoor Grama Panchayat for the Year 2022-2023.

**1.Major Observations**

1. All Mandatory financial statements prescribed in accounting rules are not submitted for audit.

2. Non-disclosure of Assets. Asset register is not comprehensive and up to date.

**2.Other Observations**

1) The register, viz. Deposit register, advance register investment register etc., are not maintained and or doesnot match with accounts.

2) Lapses in making timely and accurate demand entries.

3) Lack of authenticated journal vouchers for supporting the adjustments entries recorded.

4) Depreciation not provided for assets.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്